

നേപ്പാൾ ദുരന്തനിവാരണത്തിനായി വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി സമാഹരിച്ച തുക ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ ജില്ലാകളക്ടർക്ക് കൈമാറുന്നു. മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ തുടങ്ങിയവർ സമീപം.

# Nepal Earthquake Relif Fund 2015

## നേപ്പാൾ ദുരിതാശ്വാസനിധി സമാഹരണയജ്ഞം സമാപിച്ചു



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ നേപ്പാൾ ദുരിതാശ്വാസനിധി സമാഹരണ യജ്ഞത്തിന്റെ പര്യടനം കുമാരനല്ലൂരിൽ കെ.സുരേഷ്കുറുപ്പ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

**കോട്ടയം:** വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽ നടത്തിയ നേപ്പാൾ ദുരിതാശ്വാസനിധി സമാഹരണയജ്ഞത്തിന്റെ മൂന്നാംദിവസ പര്യടനം കുമാരനല്ലൂരിൽ അഡ്വ.കെ.സുരേഷ്കുറുപ്പ് എംഎൽഎ ഉദ്ഘാടനം ചെയ്തു. കോട്ടയം ഗാന്ധിസ്ക്വയറിൽനിന്ന് ആരംഭിച്ച പര്യടനം രൂപതാ വികാരിജനറാൾ മോൺ. സെബാസ്റ്റ്യൻ പൂവത്തിങ്കലും രണ്ടാംദിവസ പര്യടനം മുണ്ടക്കയത്ത് പി.സി.ജോർജ് എംഎൽഎയും ഉദ്ഘാടനം ചെയ്തു.

ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫിന്റെ നേതൃത്വത്തിൽ നടത്തിയ സഹായനിധി സമാഹരണ യജ്ഞത്തിൽ കെ.പി.ജോൺ, ഫാ.മൈക്കിൾ വലയിഞ്ചിയിൽ, മുണ്ടക്കയം പഞ്ചായത്ത് വൈസ്പ്രസിഡന്റ് സെബാസ്റ്റ്യൻ ചുള്ളിത്തറ, മെംബർമാരായ ഒ.കെ.രാജമ്മ, ലാലിച്ചൻ മാപ്പിളക്കുന്നേൽ, ഫാ.കുരുവിള, ബ്രദർ ആന്റണി, മുണ്ടക്കയം വ്യാപാരി-വ്യവസായി ഏകോപനസമിതി സെക്രട്ടറി എസ്.ബാബു, കെസിവൈഎം രൂപതാ പ്രസിഡന്റ് റാനോഷ് രാജൻ, റെജി ചാക്കോ, എൻ.എം.ആന്റണി എന്നിവർ വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു.